Prajaahita Foundation

# വെബിനാർ റിപ്പോർട്ട്

# സ്പീച്ച് തെറാപ്പി

**അവതരണം:**
**ജേക്കബ് പാപ്പൻ**

**തീയതി: 13/03/2021**

# ആമുഖം

“സംഭാഷണത്തിലും മറ്റുള്ളവരോട് ഇടപെടുമ്പോഴുമുള്ള ബുദ്ധിമുട്ടുകൾ ഇന്ന് നിരവധി വ്യക്തികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഒന്നാണ്”. എന്നാൽ ഇത്തരം എല്ലാ കുറവുകളെയും അതിജീവിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നതിനായി 2021 മാർച്ച് 13 നു വൈകുന്നേരം 4.00 മുതൽ 5.00 മണി വരെ പ്രജാഹിത ഫൌണ്ടേഷൻ സ്പീച്ച് തെറാപ്പി എന്ന വിഷയത്തെ ആസ്പദമാക്കി ഒരു വെബിനാർ നടത്തുകയുണ്ടായി. കൺസൽട്ടൻറ് ഓഡിയോളജിസ്റ്റും സ്പീച്ച് ലാംഗ്വേജ് പതോളജിസ്റ്റുമായ മിസ്റ്റർ ജേക്കബ് പാപ്പൻ ആണ് സെഷൻ നയിച്ചത്.

സ്പീച്ച്  തെറാപ്പി എന്താണെന്ന് അറിയുന്നതിന് മുന്നേ അറിയേണ്ടുന്ന ഒന്നാണ് ആശയവിനിമയം എന്നുള്ളത്. ആശയവിനിമയം എന്ന വാക്കിന്റെ അടിയിൽ വരുന്നതാണ് സംസാരവും ഭാഷയും. ആശയവിനിമയത്തിന്റെ ഒരു ഭാഗമാണ് സംസാരം. ആശയവിനിമയമാണ് പ്രധാനം.

ഒരു വ്യക്തിയിൽ നിന്ന് മറ്റൊരു വ്യക്തിയിലേക്ക് അർത്ഥവത്തായിട്ടുള്ള ഒരു വാക്ക് അല്ലെങ്കിൽ അറിവ് ഒരു മാധ്യമം ഉപയോഗിച്ച് കൈമാറുന്നതിനെയാണ് ആശയവിനിമയം എന്ന് പറയുന്നത്. ആശയവിനിമയത്തിനുവേണ്ടി ഉപയോഗിക്കുന്ന മാധ്യമമാണ് സംസാരം.

സംസാരം വാക്കാലുള്ള ആശയവിനിമയത്തിന്റെ ഭാഗമാണ്. ആശയവിനിമയം രണ്ടു തരത്തിലുണ്ട്. വാക്കാലുള്ള ആശയവിനിമയവും വാക്കാൽ അല്ലാതെയുള്ള ആശയവിനിമയവും. വാക്കുകൾ ഉപയോഗിച്ചു  പറയുന്നതിനെയാണ് വാക്കാലുള്ള ആശയവിനിമയം  എന്ന് പറയുന്നത്. വാക്കുകൾ പുറത്തേക്ക് വരാൻ പറ്റാതെയുള്ള ആശയവിനിമയത്തെയാണ് വാക്കാൽ അല്ലാതെയുള്ള ആശയവിനിമയം എന്ന് പറയുന്നത്. സ്പെഷ്യൽ സ്കൂളിലെ ഒരു ക്ലാസ് മുറി എടുക്കുകയാണെങ്കിൽ പത്തു കുട്ടികളിൽ മൂന്നോ നാലോ കുട്ടികൾ വാക്കാൽ അല്ലാതെയുള്ള ആശയവിനിമയമായിരിക്കും. ഇങ്ങനെയുള്ള കുട്ടികളെ നമുക്ക് തള്ളി കളയാൻ പറ്റില്ല. അവർക്ക് സ്പീച്ച് തെറാപ്പി തുടർച്ചയായി കൊടുക്കണം. ആക്ഷനിലൂടെയോ ചൂണ്ടിക്കാണിച്ചോ തല കൊണ്ടുള്ള ആക്ഷൻസിലൂടെയോ ആയിരിക്കും ഇങ്ങനെയുള്ള കുട്ടികളെ തെറാപ്പിയിലൂടെ പരിശീലിപ്പിച്ചെടുക്കുന്നത്.

**സ്പീച്ച് എങ്ങനെയാണ് ഒരു കുട്ടി പഠിച്ചെടുക്കുന്നത്?**

സ്പീച്ച് തെറാപ്പി വീട്ടിൽ ചെയ്യുമ്പോൾ ഓരോ മാതാപിതാക്കളും അറിഞ്ഞിരിക്കണം, ഏത് പ്രായത്തിലാണ് കുട്ടി ഇന്നതൊക്കെ ചെയ്യേണ്ടത് എന്ന്. ഇത് അറിഞ്ഞാൽ മാത്രമാണ് കൃത്യമായ രീതിയിൽ നമുക്ക് സ്പീച്ച് തെറാപ്പി ചെയ്യാൻ പറ്റുള്ളൂ. ജനിച്ചു കഴിഞ്ഞു ഏകദേശം ഒരു വയസ്സാകുമ്പോഴാണ് വാക്ക് പറയുന്നത്. എങ്ങനെയാണ് ആ കുട്ടി ഒരു വാക്ക് പറയുന്നത് എന്ന് വെച്ചാൽ മാതാപിതാക്കളും അടുത്തുള്ളവരും ഒക്കെ സംസാരിക്കുന്ന രീതി അവർ നിരീക്ഷിച്ച് സ്വന്തമായ രീതിയിൽ ശബ്ദങ്ങൾ പുറപ്പെടുവിക്കാൻ ശ്രമിക്കും. അങ്ങനെ ഓരോ ശബ്ദങ്ങൾ ചേർത്തുവെച്ചാണ് അർത്ഥവത്തായ ഒരു വാക്ക് പുറപ്പെടുവിക്കുന്നത്.

**സംസാരവളർച്ചക്കുള്ള പടികൾ**

- **വോക്കലൈസേഷൻ (Vocalization)**

ജനിച്ചു കഴിഞ്ഞു ആറ് മാസം വരെ കുഞ്ഞു കരയുന്നതിനെയും മൂളുന്നതിനെയും ഒക്കെയാണ് വോക്കലൈസേഷൻ എന്ന് പറയുന്നത്. ഇതാണ് സംസാരം പുറപ്പെടുവിക്കുന്നതിന്റെ ആദ്യ പടി.

- **ബാബ്ലിങ് സ്റ്റേജ് (Babbling Stage)**

അ', 'മ', 'പ' പോലെയുള്ള ശബ്ദങ്ങൾ പുറപ്പെടുവിപ്പിക്കുവാൻ തുടങ്ങുന്ന അവസ്ഥയെയാണ് ബാബ്ലിങ് സ്റ്റേജ് എന്ന് പറയുന്നത്. ബാബ്ലിങ് സ്റ്റേജിൽ തന്നെ, സിങ്കിൾ സൗണ്ട് ബാബ്ലിങ് (Single sound babbling) ഉണ്ട് അതുപോലെ തന്നെ കോമ്പിനേഷൻ സൗണ്ട് ബാബ്ലിങ്ങും (Combination sound babbling) ഉണ്ട്. ഒരു ശബ്ദം മാത്രം ആവർത്തിച്ചു പറയുന്നതിനെയാണ് സിങ്കിൾ സൗണ്ട് ബാബ്ലിങ് എന്ന് പറയുന്നത്. രണ്ടു ശബ്ദങ്ങൾ ആദ്യം ഒറ്റക്ക് പറഞ്ഞിട്ട് പിന്നീട് അതേ രണ്ടു ശബ്ദങ്ങൾ ഒന്നിച്ചു പറയാൻ ശ്രമിക്കുന്നു. ഇതിനെയാണ് കോമ്പിനേഷൻ സൗണ്ട് ബാബ്ലിങ് എന്ന് പറയുന്നത്.

ഒരു വയസ്സ് കഴിഞ്ഞിട്ടായിരിക്കും അർത്ഥവത്തായ ഒരു വാക്ക് കുട്ടി പറയുന്നത്. ഉദാഹരണത്തിന് 'അമ്മ എന്നൊരു വാക്ക് എപ്പോഴാണോ അമ്മയെ നോക്കി വിളിക്കുന്നത്, അപ്പോൾ മാത്രമാണ് കുട്ടി അർത്ഥവത്തായ ഒരു വാക്ക് പറഞ്ഞു എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ഒന്നരവയസ്സ് അല്ലെങ്കിൽ രണ്ടു വയസ്സിന് മുൻപാണ് രണ്ടുവാക്കുകൾ കൂട്ടിച്ചേർത്തു പറയാൻ തുടങ്ങുന്നത്. ഒരു വാക്ക് ആദ്യം പറഞ്ഞു, രണ്ടു വാക്ക് കൂട്ടിച്ചേർത്ത് പറയുന്നു, പിന്നീട് അത് ഒരു വാചകമായി പറയുന്നു. അങ്ങനെ പ്രായം കൂടും തോറും വാക്കുകൾ വാചകമാവും (Sentence) വാചകം പദപ്രയോഗമാവും (Phrase), അതിനിടയിൽ വ്യാകരണം വരും.

ശബ്ദങ്ങൾ ഉച്ചരിക്കുന്നതിന് ഓരോ പ്രായം ഉണ്ട്. ‘അ’, ‘മ’, ‘പ’, ‘ബ’, എന്നീ ശബ്ദങ്ങളാണ് രണ്ടു, മൂന്ന് വയസ്സിൽ വരുന്നത്. ആറ് വയസ്സ് വരെയാണ് ശബ്ദങ്ങൾ പഠിക്കുന്ന സമയം. ആറ് വയസ്സകുമ്പോഴാണ് കുട്ടി ‘w’, ‘v’, ‘ഴ’, ‘റ’, എന്നീ വാക്കുകൾ കൃത്യമായി പറയുകയുള്ളൂ. അതിനാൽ രണ്ടു അല്ലെങ്കിൽ മൂന്ന് വയസ്സായ ഒരു കുട്ടി ‘റ’ എന്ന ശബ്ദം സ്പുടമായി പറഞ്ഞില്ല എന്ന് വെച്ച് ആ കുട്ടിക്ക് ഏതെങ്കിലും തരത്തിലുള്ള പ്രശ്നം ഉണ്ടെന്നുള്ള രീതിയിൽ നമുക്കതിനെ കാണാൻ പറ്റില്ല. കാരണം ആറ് വയസ്സ് മുതൽ ഏഴ് വയസ്സ് വരെയായിരിക്കും കുട്ടി ആ ഒരു ശബ്ദം പഠിക്കുന്നത്. അത് കഴിഞ്ഞിട്ടും കുട്ടി പറഞ്ഞില്ലങ്കിലാണ് കുട്ടിക്ക് സംസാരിക്കാനുള്ള ബുദ്ധിമുട്ട് ഉണ്ടെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്.

**വാക്കുകൾ പഠിക്കുന്ന രീതി (Vocabulary)**

ഒരു വയസ്സായ കുട്ടി രണ്ടു വാക്കുകൾ പറയുന്നെങ്കിൽ ആ കുട്ടിയുടെ വൊക്കാബുലറി (പദസമ്പത്ത്) സ്റ്റേജ്, രണ്ടു വാക്കാണ്. ഒരു വയസ്സ് മുതൽ ഒന്നര വയസ്സ് വരെയുള്ള കുട്ടിക്ക് ഏകദേശം പത്തു മുതൽ പതിനഞ്ചു വൊക്കാബുലറി വേണം. പന്ത്രണ്ട് വയസ്സ് വരെയാണ് സംസാരത്തിന്റെ ബ്രെയിൻ വളർച്ച എന്ന് പറയുന്നത്. പന്ത്രണ്ട് വയസ്സാകുമ്പോൾ ഒരു കുട്ടി ഏകദേശം അൻപതിനായിരം വാക്കുകളോളം പഠിച്ചിരിക്കണം. ഇങ്ങനെയാണ് കുട്ടികളിൽ വൊക്കാബുലറി വളരുന്ന ഒരു രീതി.

മാതാപിതാക്കൾ എപ്പോഴും കുഞ്ഞുങ്ങൾക്ക് ഒരു സംസാര മാതൃക ആയിരിക്കണം. കാരണം മാതാപിതാക്കൾ എത്രമാത്രം സംസാരിക്കുന്നതിനെ ആശ്രയിച്ചിരിക്കും കുട്ടിയുടെ ആശയവിനിമയവും സംസാര രീതിയും.

**കുട്ടി സംസാരിച്ചു തുടങ്ങുന്നതിന് മുന്നേ വേണ്ടുന്ന കുറച്ചു കാര്യങ്ങൾ (Prerequisite)**

Prerequisite വളരെ പ്രധാനപെട്ടതാണ്. ഇതിൽ വരുന്നതാണ് sitting (ഇരിക്കുന്നത്), attention (ശ്രദ്ധ), eyecontact (സംസാരിക്കുമ്പോൾ കണ്ണിലോട്ട് നോക്കുന്നത്). നമ്മൾ സംസാരിക്കുമ്പോൾ കുട്ടി ഇരുന്നു കേൾക്കുന്നില്ലെങ്കിൽ പറയുന്നത് മനസ്സിലാക്കുന്നില്ല എന്നാണ് അതിന്റെ അർഥം. പറയുന്ന കാര്യം ഉള്ളിലോട്ട് എടുക്കുന്നില്ലെങ്കിൽ ഒരിക്കലും അത് പറയാനും കഴിയുകയില്ല. Prerequisite കൃത്യമായി ഇല്ലാത്ത ഒരു കുട്ടിക്ക് സ്പീച്ചിലും അതിന്റെതായ പ്രശ്നങ്ങൾ കാണിക്കും. അതുകൊണ്ടാണ് പ്രീറിക്സ്റ്റിക്സ് വളരെ പ്രധാനപെട്ടതാണ് എന്ന് പറയാനുള്ള പ്രധാന കാരണം

**സ്പീച്ച് തെറാപ്പി എങ്ങനെ വീട്ടിൽ കൊടുക്കാം?**

വീട്ടിൽ നിന്ന് തന്നെ കൊടുക്കുന്ന തെറാപ്പി ആയതുകൊണ്ട് സ്പീച്ച് തെറാപ്പിയെ നമുക്ക് ഹോം തെറാപ്പി എന്നും പറയാം. അങ്ങനെയാകുമ്പോൾ ക്ലിനിക്ക് വീടാകും. ക്ലിനിഷ്യൻസ് മാതാപിതാക്കളാകും. സ്പീച്ച് തെറാപ്പി വീട്ടിൽ കൊടുക്കുന്നതിന് നേട്ടവുമുണ്ട് അതുപോലെ കോട്ടവുമുണ്ട്. ജനിക്കുമ്പോൾ മുതൽ കണ്ടുവരുന്ന മാതാപിതാക്കൾ തന്നെ തെറാപ്പി ചെയ്യുമ്പോൾ കുട്ടികൾക്ക് അത് കൂടുതൽ ഫലപ്രദമാകും. കൂടാതെ യാത്രാക്ലേശം ഒഴിവാക്കാനും സമയം ലാഭിക്കാനും വീട്ടിലെ തെറാപ്പി സഹായകമാകും. വീട്ടിൽ തെറാപ്പി ചെയ്യുന്നതുകൊണ്ടുള്ള കോട്ടം എന്തെന്ന് പറഞ്ഞാൽ മാതാപിതാക്കൾക്ക് കൃത്യമായിട്ടുള്ള പരിശീലനമോ അറിവോ ഉണ്ടായിരിക്കില്ല.

അതുപോലെ ഹോം തെറാപ്പിയിൽ കിട്ടാത്ത ഒരു കാര്യമാണ് മാതാപിതാക്കളുമായുള്ള കൗൺസിലിങ്. ക്ലിനിക്കിൽ പോയാൽ ക്ലിനിഷ്യൻസ് ആദ്യം കുട്ടിയുടെ പ്രശ്നം മനസ്സിലാക്കും. അതിനുശേഷം ആ പ്രശ്നം ഉണ്ടാകാനുള്ള കാരണവും എങ്ങനെ ഇതിനെ അതിജീവിക്കാൻ കഴിയും എന്നതിനെക്കുറിച്ചുള്ള വ്യക്തമായ ധാരണ മാതാപിതാക്കൾക്ക് നൽകുകയും ചെയ്യും. ഒരിക്കൽ ക്ലിനിക്കിൽ പോയി, സ്പീച്ച് തെറാപ്പിസ്റ്റിന്റെ നിർദ്ദേശ പ്രകാരം വീട്ടിൽ തെറാപ്പി ചെയ്യുന്നത് കുട്ടിക്ക് കൂടുതൽ ഉപകാരപ്പെടും. അതുപോലെ മാതാപിതാക്കൾ ഒരു തെറാപ്പിസ്റ്റ് എന്ന നിലയിൽ കുട്ടികളെ പരിചരിക്കുക. കാരണം മാതാപിതാക്കൾ എന്ന നിലയിൽ കുഞ്ഞുങ്ങളെ വീക്ഷിക്കുമ്പോൾ അവരുടെ യഥാർത്ഥ കുറവുകൾ കണ്ടുപിടിക്കാൻ സാധിക്കില്ല.

**വീടുകളിൽ തെറാപ്പി ചെയ്യുന്നതിൻറെ ഘട്ടങ്ങൾ**

**വിലയിരുത്തൽ (Assessment)**

കുട്ടി നേരിടുന്ന പ്രശ്നങ്ങൾ കൃത്യമായി മനസ്സിലാക്കുക. വിലയിരുത്തൽ നടത്തുമ്പോൾ പ്രധാനമായി നോക്കേണ്ടത് കുട്ടിക്ക് സംസാരത്തിനല്ലാതെ മറ്റേതെങ്കിലും പ്രശ്നങ്ങൾ ഉണ്ടോ എന്നാണ് (കാഴ്ച്ചകുറവ്, കേൾവിക്കുറവ്). ഇത്തരത്തിലുള്ള പ്രശ്നങ്ങൾ സംസാരശേഷിയെയും കാര്യമായി ബാധിക്കാം. രണ്ടാമതായി വിലയിരുത്തേണ്ടത് സംസാരത്തിന് മുന്നേ വരേണ്ട കാര്യങ്ങൾ ഉണ്ടോ എന്നാണ് (Prerequisite). നമ്മൾ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ടോ, സംസാരിക്കുമ്പോൾ കണ്ണിലോട്ട് നോക്കുന്നുണ്ടോ എന്നൊക്കെയാണ് വിലയിരുത്തുമ്പോൾ ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങൾ. മൂന്നാമതായി നോക്കേണ്ടത് കുട്ടി വെർബൽ ആണോ നോൺ വെർബൽ ആണോ എന്നാണ്. പന്ത്രണ്ട് വയസ്സ് കഴിഞ്ഞിട്ടും കുട്ടി ഒന്നും സംസാരിക്കുന്നില്ലെങ്കിലോ ഓട്ടിസം, MR, പോലെയുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ആ കുട്ടിയെ നോൺ വെർബൽ ഗണത്തിൽ പെടുത്താം. നാലാമതായി നോക്കേണ്ടത് സംസാരിക്കുന്നതിൽ കുട്ടിക്ക് എത്രമാത്രം താൽപര്യമുണ്ട് എന്നുള്ളതാണ്. അങ്ങനെ സംസാരിക്കാനുള്ള താൽപര്യമുണ്ടെങ്കിൽ എത്ര വാക്കുകൾ സംസാരിക്കുന്നുണ്ട് എന്നുകൂടെ മനസ്സിലാക്കേണ്ടതുണ്ട്. ഒന്നര വയസ്സായ കുട്ടി ഇരുപത് വാക്കോളാം പഠിച്ചു പറയണം. അത്തരത്തിൽ കുട്ടി പറയുന്നില്ലെങ്കിൽ തെറാപ്പിയിലൂടെ വാക്കുകളാണ് പഠിപ്പിക്കേണ്ടത്. അഞ്ചാമതായി നോക്കേണ്ടത് കുട്ടിയുടെ വായ്, പല്ല്, നാക്ക് ഇവയൊക്കെ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്നാണ്. ഈ പറഞ്ഞ അവയവങ്ങൾക്ക് പ്രശ്നമുണ്ടെങ്കിൽ അതൊക്കെ കൃത്യമായി ചലിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കാം.

**സംസാരം രണ്ടു തരത്തിലുണ്ട്. സമഗ്രവും പരീക്ഷണാത്മകവും (കോമ്പ്രീഹെൻഷ്യൽ ആൻഡ് എക്സ്പ്രെൻഷ്യൽ).**

കുട്ടി എന്തൊക്കെ കാര്യങ്ങൾ മനസ്സിലാക്കുന്നുണ്ട് എന്നുള്ളതാണ് കോമ്പ്രീഹെൻഷ്യൽ. മനസ്സിലാക്കിയ കാര്യങ്ങൾ വാക്കുകളിൽ കൂടി പ്രകടിപ്പിക്കുന്നതിനെയാണ് എക്സ്പ്രെൻഷ്യൽ എന്ന് പറയുന്നത്. കോമ്പ്രീഹെൻഷ്യൽ ഉണ്ടെങ്കിൽ മാത്രമാണ് എക്സ്പ്രെൻഷ്യലും ഉണ്ടാകുകയുള്ളൂ. സംസാരിക്കുമ്പോൾ എന്തിനെക്കുറിച്ചാണ് സംസാരിക്കുന്നത് എന്നതിന്റെ ഒരു പടം നമ്മുടെ വായുടെയോ കണ്ണിന്റെയോ അടുത്ത് വെച്ച് സംസാരിക്കാൻ ശ്രമിക്കുക. കൈകൾ കൂട്ടിയിടിച്ചു ഒച്ചയുണ്ടാക്കുന്നതിലൂടെ ഐ കോണ്ടാക്ട് ശരിയായ നിലയിൽ വരുത്താൻ കഴിയും.

**റീഎൻഫോഴ്സ്മെന്റ്**

കുട്ടി നന്നായി ഒരു വാക്ക് പറയുകയോ ഒരു പ്രവർത്തി കൃത്യമായി ചെയ്യുകയോ ചെയ്താൽ കുട്ടിക്ക് മനസ്സിലാകുന്ന രീതിയിൽ പ്രോത്സാഹിപ്പിക്കുകയോ ഏതെങ്കിലും തരത്തിലുള്ള സമ്മാനങ്ങൾ നൽകുകയോ ചെയ്യുക. അങ്ങനെ ചെയ്താൽ കുട്ടിക്ക് വീണ്ടും സംസാരിക്കാനുള്ള താൽപര്യം വർദ്ധിക്കും. ഒരു കാര്യം നേടാൻ വേണ്ടി വാശിപിടിക്കയോ കരയുകയോ ചെയ്താൽ ഒരിക്കലും ആ കാര്യം സാധിപ്പിച്ചു കൊടുക്കാതിരിക്കുക. കാരണം ആ രീതി പ്രോത്സാഹിപ്പിച്ചു കഴിഞ്ഞാൽ അത് ശീലമാകും.

# ചോദ്യങ്ങളും ഉത്തരങ്ങളും

**Q1. എന്റെ മോൾക്ക് ഇരുപത്തിയൊൻപത് വയസ്സായി. മകൾ എഴുതും. പക്ഷേ ചില അക്ഷരങ്ങൾ എഴുതാൻ പറ്റില്ല. ഒറ്റക്ക് വാക്ക് പറയും, പക്ഷേ കൂട്ടിവായിക്കാൻ പറ്റില്ല. വാക്കുകൾ ഉച്ചരിക്കുന്നതിലും ബുദ്ധിമുട്ടുണ്ട്.**

പറയാൻ ബുദ്ധിമുട്ടുള്ള അക്ഷരങ്ങൾ വായ് കൊണ്ട് കാണിച്ചുകൊടുക്കുക, എങ്ങനെയാണ് ഉച്ചരിക്കേണ്ടതെന്ന്. അതിനുശേഷം തുടർച്ചയായി കണ്ണാടിയുടെ മുന്നിൽ നിന്ന് അക്ഷരങ്ങൾ ആവർത്തിച്ചു പറഞ്ഞു പഠിക്കുക. പറയാൻ ബുദ്ധിമുട്ടുള്ള അക്ഷരങ്ങൾ ഉപോയോഗിച്ചുള്ള വാക്കുകൾ കണ്ടുപിടിച്ചു പറഞ്ഞും എഴുതിയും പഠിക്കുക. വാക്കുകൾ പഠിച്ചു് കഴിഞ്ഞു അതേ അക്ഷരം ഉപയോഗിച്ചുള്ള വാക്യങ്ങൾ പറഞ്ഞും എഴുതിയും പഠിക്കുക.

**Q2. ഞാൻ ഒരു അംഗൻവാടി അദ്ധ്യാപികയാണ്. ഞങ്ങളുടെ പ്രദേശത്തുള്ള ഒരു കുട്ടിയുടെ കാര്യമാണ് പറയുന്നത്. പതിമൂന്ന് വയസ്സായ കുട്ടിയാണ്. അച്ഛനും അമ്മയും ഡോക്റ്റർമാരാണ്. കുട്ടിക്ക് എന്ത് പറഞ്ഞാലും ദേഷ്യമാണ്, അനുസരണം തീരെയില്ല. ചെവി കേൾക്കും. സംസാരിക്കാൻ മാത്രമാണ് ബുദ്ധിമുട്ട്. അവർക്ക് വീട്ടിൽ സ്പീച്ച് തെറാപ്പി കൊടുക്കാനുള്ള എന്തെങ്കിലും മാർഗ്ഗമുണ്ടോ?**

നോൺ വെർബലായിട്ടുള്ള ആശയവിനിമയമാണ് കുട്ടിക്കുള്ളത്. ആദ്യം വാശിയൊക്കെ കുറക്കുന്നതിനുള്ള തെറാപ്പികളാണ് ചെയ്യേണ്ടത്. അതിനുശേഷം പടങ്ങൾ ഒക്കെ കാണിച്ചുകൊടുത്തു സംസാരം മെച്ചപ്പെടുത്താനുള്ള കാര്യങ്ങൾ ചെയ്യണം.